


# കേരള രാഷ്ട്രീയത്തിൽ സി.പി.ഐയുടെ പ്രസക്തിയെന്ത്?

വൻകിട മുതലാളിമാരുമായുള്ള സി.പി.ഐയുടെ അവിശുദ്ധ ബന്ധമാണ് മൂന്നാർ ദൗത്യസംഘത്തിനെതിരെ രംഗത്തുവരാൻ പാർട്ടിയെ പ്രേരിപ്പിക്കുന്നത് എന്ന് ജനം വിശ്വസിക്കുന്നു. മൂന്നിലേറെ തവണ അടച്ചുപൂട്ടിയ *ജനയുഗം* പത്രം മൂന്ന് എഡിഷനുകളുമായി പുനഃപ്രസിദ്ധീകരിച്ച് തുടങ്ങിയതിനു പിന്നിൽ പാർട്ടി സഖാക്കൾ ഇട്ടുകൊടുത്ത നാണയത്തുട്ടുകളാണെന്ന് ജനം വിശ്വസിക്കുന്നില്ല. വേണ്ടിവന്നാൽ ചാനലും തുടങ്ങുമെന്നുള്ള ഫണ്ട് റൈസറായ പാർട്ടി എം.പിയുടെ പ്രഖ്യാപനത്തിലും ജനം അത്ഭുതപ്പെടുന്നില്ല. ഒറ്റക്കുനിന്നാൽ സംസ്ഥാനത്ത് എത്ര പാർട്ടി സ്ഥാനാർഥികൾ നിയമസഭ/ലോക്‌സഭ കാണും എന്ന കാര്യം ഇടക്കെങ്കിലും പാർട്ടി ഓർക്കുന്നത് നല്ലതാണ്. അല്ലെങ്കിലും അടിയന്തരാവസ്ഥക്ക് പിന്തുണ നൽകിയ പാർട്ടിയിൽനിന്ന് കൂടുതൽ പ്രതീക്ഷിക്കുന്നതല്ലേ അബദ്ധം?

മുത്തങ്ങയിൽനിന്ന് ആദിവാസികളെ പേപ്പട്ടിയെ പോലെ തല്ലിയോടിച്ചപ്പോഴോ കുടിവെള്ളം ഊറ്റിക്കുടിച്ച കോളഭീമനെതിരെ പ്ലാച്ചിമടയിലെ ആദിവാസികൾ നടത്തിവരുന്ന അതിജീവനസമരത്തിലോ മനുഷ്യരെ കൊന്നൊടുക്കുന്ന എൻഡോസൾഫാൻ തളിക്കെതിരെ കാസർകോട്ടെ ഇരകൾ നടത്തുന്ന സമരമുഖത്തോ സി.പി.ഐയെ ഇതുവരെ കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ ചോദിക്കേണ്ടി വരുന്നു, എന്താണ് കേരളത്തിൽ ഈ പാർട്ടിയുടെ പ്രസക്തി? പൂർണമായും വലത്തോട്ട് ചാഞ്ഞ് നിൽക്കുന്ന ഈ പാർട്ടി എന്ത് നിലപാടുകളുടെ അടിസ്ഥാനത്തിലാണ് ഇടത് കളത്തിൽ നിലകൊള്ളുന്നത്? മൂന്നാർ ഓപ്പറേഷൻ അട്ടിമറിച്ചു എന്ന പാപവും കൂടി ഇനി സി.പി.ഐ പേറേണ്ടിവരും. ഈ പാപക്കറകളൊക്കെ കഴുകിക്കളയാൻ അച്യുതമേനോന്റെയും പി.കെ.വിയുടെയും എൻ.ഇ ബലറാമിന്റെയും മറ്റും പാരമ്പര്യം പറഞ്ഞ് ഊറ്റം കൊള്ളുന്ന പാർട്ടിക്ക് നന്നേ വിയർക്കേണ്ടിവരും. ഒരു കാര്യം വളരെ വ്യക്തമാണ്; പാർട്ടി ഓഫീസ് തകർത്തതല്ല സി.പി.ഐയെ ഇത്രമേൽ വിറളിപിടിപ്പിച്ചത്. കാരണം എന്താണെന്ന് ജനങ്ങൾക്ക് നല്ല ബോധ്യമുണ്ട്. തുടക്കം മുതൽ തന്നെ സി.പി.ഐയും അവരുടെ മന്ത്രിമാരും ഈ വിഷയത്തിൽ കൈക്കൊണ്ട നിലപാട് ദുരൂഹവും സംശയാസ്പദവുമാണ്. ഒടുവിൽ സ്പെഷൽ ഓഫീസറെ ഒഴിവാക്കി ജൂൺ 15-ന് റവന്യൂമന്ത്രി നേരിട്ട് മൂന്നാറിലെത്തി മണിക്കൂറുകൾകൊണ്ട് 9000 ഏക്കർ പിടിച്ചെടുത്തതായി പ്രഖ്യാപിച്ചതിനു പിന്നിലും ഏറെ സംശയങ്ങൾ ഉയരുന്നുണ്ട്. ആരുടെ കൈയിൽനിന്നാണ് ഭൂമി പിടിച്ചെടുത്തത് എന്ന് വെളിപ്പെടുത്താനുള്ള സാമാന്യ മര്യാദ മന്ത്രി കാണിച്ചില്ല.

ടാറ്റ തന്നെ പറയുന്നത് 3000 ഏക്കർ ഭൂമി തങ്ങളുടെ കൈവശമുണ്ടെന്നും ഇത് തിരിച്ചു നൽകാൻ തയാറാണെന്നുമാണ്. അപ്പോൾ മന്ത്രി പറയുന്നു, ഇത് തിരിച്ചു പിടിക്കുമെന്ന്! അമ്പതിനായിരത്തിലേറെ ഏക്കർ ഭൂമി ടാറ്റ കൈവശപ്പെടുത്തിയിട്ടുണ്ടെന്നതാണ് യാഥാർഥ്യം. ഇതിൽനിന്നാണ് 3000 ഏക്കർ തിരിച്ചു നൽകാമെന്ന് ടാറ്റയും തിരിച്ചു പിടിക്കുമെന്ന് മന്ത്രിയും പറയുന്നത്. ബാക്കിവരുന്ന ഭൂമിയെ കുറിച്ച് രണ്ട് കൂട്ടർക്കും മിണ്ടാട്ടമില്ല. ഇത്തരം പൊറാട്ടുനാടകങ്ങൾ അരങ്ങേറുന്നത് പ്രബുദ്ധ കേരളത്തിലാണെന്ന കാര്യം മന്ത്രി മറന്നുപോകുന്നു. ടാറ്റയും ഹാരിസൺസ് മലയാളവുമൊക്കെ പാർട്ടിക്കും നേതാക്കൾക്കും കൊടുത്തുകൊണ്ടിരിക്കുന്ന 'ഹഫ്ത'ക്ക് ഇങ്ങനെത്തന്നെ വേണമല്ലോ പ്രത്യുപകാരം ചെയ്യാൻ!

മുഖ്യമന്ത്രിക്ക് തന്നെ സി.പി.ഐയെ വിശ്വാസമില്ലെന്നു വേണം കരുതാൻ. ഇതിനുള്ള തെളിവാണ് സർക്കാർ ഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കേണ്ട ചുമതലയുള്ള റവന്യൂ വകുപ്പിനെ അത് ഏൽപിക്കാതെ മുഖ്യമന്ത്രി നേരിട്ട് ആ ഉത്തരവാദിത്വം ഏറ്റെടുത്തതും അതിന്റെ മേൽനോട്ടച്ചുമതല ഒരു സ്പെഷൽ ടീമിന് നൽകിയതും.

അനധികൃതമായി നിർമിച്ച പാർട്ടി ഓഫീസുകൾ ഒഴിപ്പിക്കേണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞത് മൂന്നാർ ഓപ്പറേഷന്റെ തിളക്കം കെടുത്തിയെന്ന് പറയാതെ വയ്യ. ഈ തീരുമാനംതന്നെ വിചിത്രവും വിവേചനപരവുമാണ്. മൂന്നാറിലെ പാർട്ടി ഓഫീസുകൾ പലതും റിസോർട്ടുകളാണ്. സി.പി.എമ്മിന്റെ ഓഫീസായ എസ്.എൻ അനക്സും സി.പി.ഐയുടെ ഓഫീസായ മൂന്നാർ ടൂറിസ്റ്റ് ഹോമും പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ഹോട്ടലുകളാണ്. തൊഴിലാളി വർഗപ്രസ്ഥാനത്തിന്റെ ആസ്ഥാനങ്ങൾ രമ്യഹർമങ്ങളായിത്തീരുന്ന പരിണാമം ചില തിരിച്ചറിവുകൾ നൽകുന്നുണ്ട്. മുതലാളിത്ത ജീവിതരീതികളോടും വ്യവസ്ഥകളോടും രാജിയാവാനും മത്സരിക്കാനുമുള്ള ഈ വ്യഗ്രത ഒരുപരിധിവരെ ഇടതു പാർട്ടികളുടെ പതനത്തിന്റെ കാരണങ്ങളിലൊന്നാണ്.

**ജലീൽ പടന്ന**

## ജീർണതയുടെ കല്ലറകൾ വീണ്ടും തുറക്കപ്പെടുന്നു

'നവോത്ഥാന കാലത്ത്, മതാചാര്യന്മാർ കൊട്ടിയടച്ച ജീർണതയുടെ ശവക്കല്ലറകൾ വീണ്ടും തുറക്കപ്പെടുകയാണ്. സമൂഹ മനസ്സിൽനിന്ന് ജാതീയത വിട്ടുമാറിയിട്ടില്ല. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കപ്പെടുന്നു. ഇതിനെതിരെ പുതിയ കാഴ്ചപ്പാടുള്ള സമൂഹം ഉണരണം'- ഡോ. സുകുമാർ അഴീക്കോട് (*മാതൃഭൂമി* 20.5.07).

പ്രമുഖ ചരിത്രകാരൻ ഡോ. കെ.എൻ പണിക്കരും ഇതുതന്നെ പറയുന്നു: 'കേരളീയ സമൂഹം ഇന്ന് നേരിടുന്നത് സാംസ്കാരിക ജീർണതയാണ്. അയൽക്കാരനെ ജാതിയുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുന്ന വിധത്തിലേക്ക് കേരളീയരുടെ സാമൂഹികബോധം മാറിയിരിക്കുന്നു.'

മനുഷ്യത്വരഹിതമായ ജാതീയ ഉച്ചനീചത്വങ്ങൾക്കെതിരായ പോരാട്ടത്തിലൂടെ സാമൂഹികപരിവർത്തനം സാധിച്ചെടുത്തുവെന്ന് അഭിമാനം കൊണ്ട കേരളം, പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകുന്ന സംഭ്രമജനകമായ കാഴ്ചയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ് അഴീക്കോടും പണിക്കരും.

ക്ഷേത്ര പ്രവേശന-പുണ്യാഹ വിവാദങ്ങളെല്ലാം, നേരത്തേ കൊട്ടിയടക്കപ്പെട്ടുവെന്ന് കരുതിയ സാംസ്കാരിക ജീർണതയുടെയും അഭിശപ്തമായ ജാതി ചിന്തയുടെയും പുനഃപ്രവേശനത്തിന്റെ നിദർശനമത്രെ. ജാതീയവും മതസങ്കുചിതത്വപരവുമായ വിഭാഗീയതകളുടെ കൊടിക്കുത്ത് വാഴ്ച സാംസ്കാരിക കേരളത്തെ വീണ്ടും നാണം കെടുത്തുകയാണ്. ഹൃദയാന്തരാളങ്ങളിൽ മാനവികതയുടെ പുണ്യാഹം തളിക്കപ്പെടാത്ത കാലത്തോളം യാതൊരു പരിവർത്തനവും സാധ്യമല്ലെന്നതാണ് യാഥാർഥ്യം.

**മധുരക്കുഴി**

# ഗൃഹാന്തരീക്ഷം മദ്റസയുമായി പൊരുത്തപ്പെടുത്തണം

'മദ്റസാ പഠനം ഇങ്ങനെത്തന്നെ മതിയോ?' (ലക്കം 46) എന്ന ചർച്ച വായിച്ചു. മദ്റസാ പ്രസ്ഥാനത്തിന്റെ ആരംഭകാലത്തെ അവസ്ഥയല്ല ഇപ്പോഴുള്ളത്. കുറേയൊക്കെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇനിയും കാലോചിതമായ മാറ്റവും മുന്നേറ്റവും വേണ്ടതുണ്ട്.

എന്താണ് മദ്റസാ പഠനത്തിന്റെ ലക്ഷ്യം? 'ബഹുസ്വരസമൂഹത്തിൽ ഉത്തമ പൗരനായിത്തന്നെ മൂല്യബോധമുള്ള മുസ്ലിമായി ജീവിക്കാൻ ആവശ്യമായ അറിവും ആദർശവും ആർജവവും ആത്മവിശ്വാസവും പരിശീലനവും നേടുക' എന്ന് മദ്റസാ പഠനലക്ഷ്യത്തെ നമുക്ക് പുനർനിർണയം ചെയ്യാം.

കേവലമായ അറിവുകൊണ്ട് ഈ ലക്ഷ്യം നേടാൻ കഴിയില്ല. കുറേ കാര്യങ്ങൾ ചൊല്ലിപ്പഠിച്ച് മനഃപാഠമാക്കിയതുകൊണ്ടും ഈ ലക്ഷ്യപ്രാപ്തി കൈവരിക്കാനാവില്ല. ആദർശാധിഷ്ഠിതമായ കാഴ്ചപ്പാടും ധാർമിക, മാനവിക മൂല്യങ്ങളോട് പ്രതിബദ്ധതയും മദ്റസാ പഠനത്തിലൂടെ കുട്ടികൾക്ക് ലഭിച്ചിരിക്കണം. ബഹുസ്വരസമൂഹത്തിലെ ഇസ്‌ലാമികജീവിതത്തെക്കുറിച്ച അവബോധം കുട്ടികൾക്ക് മദ്റസയിൽനിന്നു ലഭിക്കണം. ഇസ്‌ലാമികാദർശവും സംസ്കാരവും മുറുകെപ്പിടിക്കാനുള്ള ഉൾവിളിയും ഉത്തേജനവും കുട്ടികൾക്ക് ഉണ്ടായിരിക്കണം. ഇതിനെല്ലാം ഉതകുംവിധം കരിക്കുലം പരിഷ്കരിക്കുകയും പഠനരീതി ആകർഷകമാക്കുകയും പഠനസന്ദർഭങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം. ഒപ്പം കുട്ടികളുടെ ജീവിതത്തിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്ന വീടിനെ മദ്റസയുമായി പൊരുത്തപ്പെടുത്തണം. അധ്യാപകരും രക്ഷിതാക്കളും തമ്മിൽ നിരന്തരവും ആരോഗ്യകരവുമായ സമ്പർക്കവും ബന്ധവുമുണ്ടായിരിക്കണം. ഇന്ന് മിക്ക കുട്ടികളുടെയും ഗൃഹാന്തരീക്ഷം മദ്റസയുമായി പൊരുത്തപ്പെടുന്നതല്ല. മദ്റസയിൽ പഠിക്കുന്ന ആദർശവിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും സ്വഭാവസംസ്കാരങ്ങൾക്കും വിപരീതവും വിരുദ്ധവുമായിട്ടുള്ള സാഹചര്യമാണ് ഭൂരിഭാഗം വീടുകളിലുമുള്ളത്. ഇത്തരം ചുറ്റുപാടിൽ വളരുന്ന കുട്ടികളിൽ മദ്റസാ പഠനത്തിന്റെ ഫലം കാണാനാവില്ല. കുട്ടികൾ മിക്കപ്പോഴും വഴിതെറ്റി സഞ്ചരിക്കുന്നതിന്റെ പ്രധാന കാരണം അവരുടെ ഗൃഹാന്തരീക്ഷം തന്നെയാണ്. കുട്ടികളെ മദ്റസയിൽ അയക്കാനുള്ള താൽപര്യവും വീട്ടുകാരിൽ കുറഞ്ഞുവരുന്നു. മദ്റസയിൽ പഠിക്കുന്നത് വീട്ടിൽ അനുഷ്ഠിക്കാനും ആചരിക്കാനും പല രക്ഷിതാക്കളും താൽപര്യമെടുക്കുന്നില്ല. ദീനീനിഷ്ഠയും ബോധവുമുള്ള ചില മാതാപിതാക്കളെങ്കിലും കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ അശ്രദ്ധയോ അലംഭാവമോ കാട്ടുന്നവരാണ്. മൗലികമായ ഈ പ്രശ്നം പരിഹരിക്കപ്പെടാതെ മദ്റസാ പഠനം ഉദ്ദിഷ്ട ഫലം ചെയ്യില്ല.

ഇതിന് സമഗ്രമായ പ്ലാൻ ഓരോ മദ്റസക്കും ഉണ്ടായിരിക്കണം. കുട്ടികളുടെ മാതാപിതാക്കളും (ഒരാൾ പോരാ)അധ്യാപകരും ഉൾപ്പെടുന്ന ഒരു വേദി വർഷാരംഭത്തിൽതന്നെ എല്ലാ മദ്റസകളിലും നിലവിൽവരണം എന്ന് നിഷ്കർഷിക്കാവുന്നതാണ്. പുതുതായി കുട്ടികളെ ചേർക്കാൻ മദ്റസയിൽ വരുന്ന രക്ഷിതാക്കളെ അപ്പോൾതന്നെ ഈ വേദിയിൽ അംഗങ്ങളാക്കണം. വർഷാരംഭത്തിൽതന്നെ ഈ വേദി വിളിച്ചുകൂട്ടി ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ വീട്ടിൽവെച്ച് എന്തെല്ലാം ചെയ്യണമെന്നും ശീലിക്കണമെന്നും അതിന് രക്ഷിതാക്കൾ ഒരുക്കേണ്ട സൗകര്യങ്ങളും സാഹചര്യങ്ങളും എന്തെല്ലാമാണെന്നും ചർച്ചചെയ്ത് അന്തിമരൂപം നൽകണം.

ആവശ്യമായ തുടർനടപടികൾ ആവിഷ്കരിക്കാൻ ഈ വേദി എല്ലാ ക്ലാസ്സിലും മാസാന്തം നിശ്ചിത തീയതിക്ക് വിളിച്ചുചേർക്കണം. കുട്ടി നേടുന്ന ഗ്രേഡ്/മാർക്ക് അവരുടെ പ്രോഗസ് കാർഡുകളിൽ രേഖപ്പെടുത്തണം. ഇതൊരു നിർദേശം മാത്രമാണ്. ഇത്തരത്തിൽ ഏതെങ്കിലൊരു സംവിധാനമില്ലാതെ കുട്ടികളുടെ വീഴ്ചകളെല്ലാം അധ്യാപകരുടെ തലയിൽ കെട്ടിവെക്കുന്നത് നീതീകരിക്കാനാവില്ല.

സ്വന്തം കുടുംബത്തെ കൂടി നരകത്തിൽനിന്ന് രക്ഷപ്പെടുത്തേണ്ടത് രക്ഷിതാക്കളുടെ കടമയാണെന്ന് വിശുദ്ധ ഖുർആൻ ഉണർത്തുന്നു. അതവർ ചെയ്തേ പറ്റൂ. അതിന് മഹല്ലടിസ്ഥാനത്തിലും മദ്റസ കേന്ദ്രീകരിച്ചും വീട്ടിനകത്തും സംവിധാനങ്ങളും സൗകര്യങ്ങളും കാലോചിതമായി നടപ്പിലാക്കണം. കുടുംബത്തിന്റെ ഇസ്‌ലാമിക, ധാർമിക ശിക്ഷണങ്ങൾ വിലയിരുത്തി നിരൂപണം നടത്താനും നിർദേശങ്ങൾ നൽകാനുമായി ഗൃഹയോഗം നടത്തുന്നത് ഫലവത്തായ സംവിധാനമായിരിക്കും.

**സി. കുഞ്ഞി അഹ്മദ് പുറക്കാട്**

## നബിദിനത്തിലെ വെടിക്കെട്ട് മറന്നുപോയതായിരുന്നു!

അബൂ നജീബ് മാള എഴുതിയ 'ആണ്ടുനേർച്ചക്ക് ആനക്കൂട്ടം, നബിദിനത്തിന് കടലാസുകൊടി' (കത്തുകൾ, ലക്കം 1) വായിച്ചു. കഴിഞ്ഞ കൊല്ലം ഒരു വലിയ വീട്ടിൽ വിപുലമായി നടത്തിയ മൗലിദ് പരിപാടിക്കൊടുവിൽ, മുസ്‌ലിയാർ പരിവാരങ്ങൾ പിരിഞ്ഞുപോയ ശേഷം അതിഥികൾക്ക് മദ്യം വിളമ്പിയതായി കേട്ടു; കലശലായ ഹുബ്ബുന്നബി കൊണ്ടാകാം. പുതുമയാർന്ന ഈ സാംസ്കാരികപരിപാടി സമുദായാംഗങ്ങളിൽ പ്രത്യേക പ്രതികരണങ്ങളൊന്നും സൃഷ്ടിച്ചില്ല. സമുദായത്തിൽ ഇപ്പോൾ തന്നെ ചിലേടത്ത് വിവാഹത്തലേന്നും വീടുനിർമാണത്തിലെ പ്രധാന വാർപ്പു ദിനത്തിലും ബർത്ത് ഡേ പാർട്ടിയിലുമൊക്കെ മദ്യത്തിന്റെ സാന്നിധ്യം ഒഴിച്ചുകൂടാനാവാത്തതാണല്ലോ.

സമുദായം മറ്റു മതസ്ഥരിൽനിന്ന് കടമെടുത്തും പുതിയവ കണ്ടുപിടിച്ച് നടപ്പിൽവരുത്തിയും അതിവേഗം മുന്നേറുകയാണ്. അടുത്ത കാലത്ത് ഒരു ഗൾഫുകാരന്റെ വീടുപാർക്കലിന് പള്ളിയിലെ മുസ്‌ലിയാർ കാലത്ത് ഏഴിനും ഏഴരക്കുമിടയിലുള്ള രാഹുകാലത്തിന് മുമ്പ് പാൽകാച്ചണമെന്ന് നിർദേശിക്കുകയുണ്ടായി. ഇസ്‌ലാമും രാഹുകാലവും തമ്മിലെന്ത് എന്ന് പാവം ഗൾഫുകാരന് പിടിപാടില്ലാത്തതിനാൽ പാൽകാച്ചൽ വിഘ്നം കൂടാതെ നടന്നു.

വിവാഹത്തിലും വിവാഹസദ്യയിലുമുണ്ട് കാര്യമായ മുന്നേറ്റങ്ങൾ. മുമ്പൊക്കെ പെണ്ണുകാണലിന് വാച്ച് കെട്ടുക എന്നൊരു സമ്പ്രദായമുണ്ടായിരുന്നു. ഇന്നത് മാറി, പകരം പയ്യന് പെണ്ണിനെ ഇഷ്ടപ്പെട്ടാൽ ഒരു മൊബൈൽ ഫോൺ പെണ്ണിന് കൊടുക്കും. മൊബൈൽ സ്വീകരിക്കാതിരിക്കുകയോ തിരിച്ചുകൊടുക്കുകയോ ചെയ്താൽ പെണ്ണിന് ചെക്കനെ ഇഷ്ടമല്ലെന്നർഥം.

വിവാഹസദ്യയിലും ചില പുതുമകൾ അടുത്ത കാലത്ത് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഭക്ഷണഹാളിൽ കപ്പയും ചമ്മന്തിയും, ഇഡ്ഡലിയും സാമ്പാറും, പുട്ടും കടലയും, ചോറും മീൻകറിയും, മട്ടൻ ബിരിയാണി, ചിക്കൻ ബിരിയാണി..... ഇതിനൊക്കെ പുറമെ ആടിനെ മുഴുവനായി പൊരിച്ച് പഴക്കുല പോലെ തൂക്കിയിട്ടിരിക്കുന്നു! എല്ലാറ്റിനും ഓരോ കൗണ്ടറുകൾ. ഒരു ഫുഡ് സൂപ്പർ മാർക്കറ്റ് തന്നെ. ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ള ആഹാരം ഇഷ്ടം പോലെ കഴിക്കാം. ഇനിയും എത്രയെത്ര പുതുമകൾ! സമുദായം ഇങ്ങനെ ബഹുവിധ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന രംഗങ്ങളിലെല്ലാം തങ്ങളുടെ മഹനീയ സാന്നിധ്യമുറപ്പിച്ചുകൊണ്ട് ആലിമീങ്ങളുടെയും മുതഅല്ലിമീങ്ങളുടെയും സാദാത്തീങ്ങളുടെയും പട തന്നെയുണ്ട്!

നബിദിനത്തിൽ കടലാസുകൊടി എന്നത് നബിയെ മനഃപൂർവം ചെറുതാക്കിക്കാണിക്കാനൊന്നുമല്ല. സത്യത്തിൽ നബിദിനത്തിൽ ആനയും വെടിക്കെട്ടുമെന്ന വിഷയം മറന്നുപോയതായിരുന്നു. അത് ഓർമപ്പെടുത്തിയ അബൂ നജീബിന് നന്ദി!!

**കെ.കെ ഹമീദ്, മനക്കൊടി, തൃശൂർ**

## സൂചന ജൈവിക വൈവിധ്യങ്ങളിലേക്ക് മാത്രം

“പ്രകൃതിയിൽ കാണുന്ന വൈജാത്യങ്ങളും വൈവിധ്യങ്ങളും ദൈവിക നടപടിക്രമമാണ്. ഇത് പ്രാപഞ്ചിക സന്തുലിതത്വവും താളാത്മകതയും നിലനിർത്താൻ അനിവാര്യമാണ്. ജീവജാലങ്ങളുടെയും സസ്യലതാദികളുടെയും വൈവിധ്യത്തെ ഈ നിലക്കാണ് നോക്കിക്കാണേണ്ടത്. അതുപോലെ മനുഷ്യസമൂഹത്തിൽ വൈജാത്യങ്ങളും വൈവിധ്യങ്ങളും നിലനിൽക്കുക എന്നതും പ്രാപഞ്ചിക സംവിധാനത്തിന്റെ ഭാഗമായി കാണണം”- അബ്ദുൽ ഹകീം നദ്‌വിയുടെ ‘ജിഹാദ്, സാമുദായികത, സാമൂഹികത’ എന്ന ലേഖനത്തി(ലക്കം 47)ൽനിന്ന്.

പ്രാപഞ്ചിക പ്രതിഭാസങ്ങളിലെ വൈവിധ്യങ്ങളുടെ ഗണത്തിൽ മനുഷ്യസമൂഹത്തിന്റെ വൈവിധ്യങ്ങളെയും കൂട്ടാം. അതു പക്ഷേ ജൈവിക വൈവിധ്യങ്ങളാണ്. കറുത്തവൻ, വെളുത്തവൻ, ഉയരമുള്ളവൻ, കുറിയവൻ, ചൈനക്കാരൻ, ഇന്ത്യക്കാരൻ, യൂറോപ്യൻ, ആഫ്രിക്കക്കാരൻ, മരുഭൂവാസി, എസ്കിമോ തുടങ്ങിയ വർണ-രൂപ-ഭാഷാ വൈവിധ്യങ്ങൾ. മറ്റു ജീവജാലങ്ങളിലെ വൈവിധ്യങ്ങൾ പോലെ ഇതും മനസ്സിലാക്കപ്പെടണം.

പക്ഷേ, മതപരവും സാംസ്കാരികവുമായ വൈജാത്യങ്ങൾ ഈ പരിധിയിൽ പെടുന്നതല്ല. അത് നിലനിൽക്കേണ്ടത് പ്രാപഞ്ചികഘടനയുടെ സന്തുലനത്തിന് അനിവാര്യമല്ല. ആയിരുന്നുവെങ്കിൽ വിവിധ മത-സാംസ്കാരിക വൈജാത്യങ്ങൾക്കു മേൽ ആധിപത്യം നേടാൻ അല്ലാഹു ദൂതന്മാരെ അയക്കേണ്ടതില്ലായിരുന്നു. മറ്റെല്ലാറ്റിലുമുപരി അല്ലാഹു അവന്റെ ജീവിതവ്യവസ്ഥയെ വിജയിപ്പിക്കുകതന്നെ ചെയ്യുമെന്ന് ദൈവികഗ്രന്ഥത്തിലും വ്യക്തമാക്കുന്നുണ്ട്.

അതേസമയം, ലേഖകൻ ചൂണ്ടിക്കാട്ടിയതുപോലെ, സമാധാനപരമായ രീതിയിലുള്ള ആശയപ്രചാരണത്തിലൂടെയാകണം ഈ ജീവിതവ്യവസ്ഥ വിജയിപ്പിച്ചെടുക്കേണ്ടത്. മറ്റു സംസ്കാരങ്ങളുടെ മേലുള്ള കൈയേറ്റമോ അതിക്രമമോ ഇസ്‌ലാം അനുവദിക്കുന്നില്ല.

**പി.എച്ച് നസീർ**
**ചങ്ങനാശ്ശേരി**

## ദാനധർമവും പബ്ലിസിറ്റിയും

ദാനധർമങ്ങളും സേവനപ്രവർത്തനങ്ങളും വ്യക്തികൾ നിർവഹിക്കുമ്പോൾ അവ രഹസ്യമാക്കിവെക്കുന്നത് തന്നെയാണ് ഉത്തമം. സംഘടനാ തലത്തിലോ പൊതു സംരംഭങ്ങൾ വഴിയോ നൽകുന്ന സഹായങ്ങൾ പരസ്യപ്പെടുത്തുന്നത് ഈ ഇനത്തിലെണ്ണുന്നത് പൂർണമായി ശരിയല്ല. ഇത്തരം സംരംഭങ്ങൾക്കായി സ്വരൂപിക്കപ്പെട്ട പണം പൊതുജനങ്ങളിൽനിന്ന് പിരിച്ചെടുത്തതായിരിക്കും. സ്വാഭാവികമായി ഏതിനത്തിലാണ് പണം ഉപയോഗപ്പെടുത്തിയതെന്നറിയാനുള്ള താൽപര്യം ദാതാക്കൾക്കുണ്ടാവും. സർക്കാറും സന്നദ്ധ സംഘടനകളുമടക്കം ദുരിതാശ്വാസ ഫണ്ടുകളിൽ വെട്ടിപ്പ് നടത്തുമ്പോൾ ഒരു സാമൂഹിക താൽപര്യമെന്ന നിലക്ക് അവ പരസ്യപ്പെടുത്തേണ്ടതായിവരും. തുടർന്നും ഇത്തരം സംരംഭങ്ങൾ വിജയകരമായി മുന്നോട്ടുപോവാനും ഇത് സഹായകമാവും.

എന്നാൽ പരസ്യപ്പെടുത്തലുകൾ ദുരുപയോഗം ചെയ്യുന്നുണ്ടെങ്കിൽ ഇല്ലാതാക്കേണ്ടതുതന്നെയാണ്. വലതു കൈ നൽകുന്നത് ഇടതു കൈ അറിയരുതെന്നതാണ് ദാനധർമങ്ങളുടെ കാര്യത്തിലെ പൊതുരീതി. എന്നാൽ മറ്റു ഗുണവശങ്ങൾ ഉണ്ടാവുകയാണെങ്കിൽ പരസ്യപ്പെടുത്തുന്നതിന് വിരോധമില്ല. രഹസ്യമായേ ദാനധർമങ്ങളേതും നിർവഹിക്കാവൂ എന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നില്ല.

“നിങ്ങൾ ദാനങ്ങൾ വെളിപ്പെടുത്തുകയാണെങ്കിൽ അത് നല്ലതുതന്നെ. ഇനി അവ മറച്ചുവെച്ചുകൊണ്ട് ദരിദ്രർക്ക് നൽകുകയാണെങ്കിൽ അതും നിങ്ങൾക്കുത്തമമാണ്. അവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. നിങ്ങളുടെ പ്രവർത്തനങ്ങൾ നന്നായറിയാവുന്നവനാണല്ലാഹു” (ഖുർആൻ 2:271).

**സുഹൈറലി**
**തിരുവിഴാംകുന്ന്**

## മാപ്പിള കലാകാരന്മാരുടെ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു

**മാപ്പിള** കലകളുടെ പരിപോഷണത്തിനായി തലശ്ശേരിയിൽ രൂപംകൊണ്ട കേരള മാപ്പിള കലാകേന്ദ്രം കേരളത്തിലെ മാപ്പിള കലാകാരന്മാരുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു. മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി, ദഫ്, അറബന മുട്ട് തുടങ്ങിയ രംഗങ്ങളിലെ കലാകാരന്മാരുടെയും അവ അഭ്യസിപ്പിക്കുന്നവരുടെയും വിവര ശേഖരണമാണ് ഡയറക്ടറിയുടെ ഉദ്ദേശ്യം. മാപ്പിളകലാകാരന്മാർ അവരുടെ വിവരങ്ങൾ അറിയിച്ചുതരാനുള്ള അപേക്ഷാഫോറം ലഭിക്കാൻ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക. മൺമറഞ്ഞുപോയ മാപ്പിളകലാ-സാഹിത്യകാരന്മാരെക്കുറിച്ചുള്ള വിവരങ്ങളും, മാപ്പിളകലാ-സാഹിത്യരൂപങ്ങളെക്കുറിച്ചുള്ള ആധികാരിക പഠനങ്ങളും ഡയറക്ടറിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. വിവരങ്ങളും പ്രബന്ധങ്ങളും കൈവശമുള്ളവർ അയച്ചുതന്ന് സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു. **ജനറൽ സെക്രട്ടറി, കേരള മാപ്പിള കലാകേന്ദ്രം, എം.ജി ബസാർ, തലശ്ശേരി, പിൻ – 670 101. ഫോൺ: 9447485554, 9447128320**